# കേരള ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിലെ അഡീഷണൽ ഡയറക്ടർ (എ&റ്റി) യുടെ നടപടിക്രമം

വിഷയം - ആ.വ.ഡ - 01/04/2000 മുതൽ 31/10/2007 വരെയുള്ള ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 മാരുടെ അന്തിമ സീനിയോറിട്ടി പട്ടികയിൽ ശ്രീ.ജയരാജൻ.പി.എം ന്റെ സീനിയോറിട്ടി റാങ്ക് നം.പുനഃക്രമീകരിക്കുന്നത് - സംബന്ധിച്ച്.

സൂചന - (1) ഉത്തരവ് നം.ഇ.എസ്1-20074/2010/ആ.വ.ഡ/ തീയതി.27/04/2013.
(2) ശ്രീ.ജയരാജൻ.പി.എം, ജെ.എച്ച്.ഐ ഗ്രേഡ് 2, പി.എച്ച്.സി, നടത്തറ സമർപ്പിച്ച അപേക്ഷ.
(3) നം.എ4-13263/2016/ജി.മെ.ആ, തൃശ്ശൂർ/തീ.07/12/2016.
(4) നോട്ടീസ് നം.ഇ.എസ്1-96513/2016/ആ.വ.ഡ/ തീയതി.15/02/2017.

*ഉത്തരവ് നം.ഇ.എസ് 1-96513/2016/ആ.വ.ഡ/തീയതി.07/04/2017.*

സൂചന ഒന്ന് (1) പ്രകാരം പ്രസിദ്ധീകരിച്ച 01/04/2000 മുതൽ 31/10/2007 വരെയുള്ള ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 ന്റെ റാങ്ക് പട്ടികയിൽ റാങ്ക് നം.1077 ആയി ഉൾപ്പെട്ടിട്ടുള്ള ശ്രീ.ജയരാജൻ.പി.എം, പ്രസ്തുത സീനിയോറിട്ടി പട്ടികിയിൽ നിയമന ശുപാർശ തീയതിയും ജില്ലയും തെറ്റായിട്ടാണ് രേഖപ്പെടുത്തിയിട്ടുള്ളതെന്നും ആയതിനാൽ സീനിയോറിട്ടി പട്ടികയിൽ നിയമന ശുപാർശ തീയതിയിൽ തിരുത്തൽ വരുത്തി റാങ്ക് നം. പുനഃക്രമീകരിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് സൂചന രണ്ട് (2) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു.

ശ്രീ.ജയരാജൻ.പി.എം ന്റെ സേവനരേഖകൾ പരിശോധിച്ചപ്പോൾ ടിയാളുടെ യഥാർത്ഥ നിയമനശുപാർശ നമ്പരും തീയതിയും ആർ 1(2)996/2000/തീയതി. 16/01/2004 ആണെന്നും എന്നാൽ സീനിയോറിട്ടി പട്ടികയിൽ D III (3) 152/2000 dtd.20/01/2004/KPSC/KKD എന്ന് തെറ്റായിട്ട് രേഖപ്പെടുത്തിയിട്ടുള്ളതാണെന്നും മനസിലാക്കുന്നു. ആയതിനാൽ സൂചന ഒന്ന് (1) പ്രകാരമുള്ള സീനിയോറിട്ടി പട്ടികയിൽ ശ്രീ.ജയരാജൻ.പി.എം ന്റെ നിയമന ശുപാർശ നമ്പരും തീയതിയും DIII (3) 152/2000 dtd.20/01/2004/KPSC/KKD എന്നതിനുപകരം, R I (2) 996/2000 dtd.20/01/2004/KPSC/TSR എന്ന് തിരുത്തൽ വരുത്തുന്നതിനും ടിയാളുടെ റാങ്ക് നം. താഴെ പറയും പ്രകാരം താല്ക്കാലികമായി തീരുമാനിച്ചുകൊണ്ട് സൂചന നാല് (4) പ്രകാരം പുറപ്പെടുവിച്ചു. ഇതു സംബന്ധിച്ച് എന്തെങ്കിലും ആക്ഷേപമുള്ളവർ ടി നോട്ടീസ് തീയതി മുതൽ 30 ദിവസത്തിനകം ഉചിതമാർഗ്ഗേന സമർപ്പിക്കുവാൻ ആവശ്യപ്പെടുകയും ചെയ്തിരുന്നു.

| പേര് | ജനന തീയതി | വിദ്യാഭ്യാസ യോഗ്യത | ടെക്നിക്കൽ യോഗ്യത നേടിയ വർഷം | നിയമന ശുപാർശ തീയതിയും വർഷവും | ജോലിയിൽ പ്രവേശിച്ച തീയതി | നിലവിലുള്ള റാങ്ക് നം. | ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്ന റാങ്ക് നം. |
|---|---|---|---|---|---|---|---|
| ജയരാജൻ.പി.എം | 16/01/1970 | എസ്.എസ്.എൽ.സി, ഐ.ടി.ഐ, എസ്.ഐ.സി | മേയ് 1999 | R I (2) 996/2000 dt.16/01/2004 | 06/02/2004 | 1077 | 1060 എ പ്രദീപ്കുമാർ. കെ.എസ് (1060) നും എസ്.ആർ.രാജു (1061) നും ഇടയ്ക്ക് |

ഇതു സംബന്ധിച്ച് അപ്പീലുകളൊന്നും ലഭിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ 16/02/2017 തീയതിയിലെ നോട്ടീസ് പ്രകാരം ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 സീനിയോറിട്ടി പട്ടികയിൽ ശ്രീ.പി.എം.ജയരാജന് നിർദ്ദേശിച്ചിട്ടുള്ള റാങ്ക് നം. 1060 എ സ്വീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

സൂചന ഒന്ന് (1) പ്രകാരമുള്ള സീനിയോറിട്ടി പട്ടികയിൽ ഈ ഭേദഗതി വരുത്തിയിട്ടുണ്ട്.

(ഒപ്പ്)
ഡോ.എ.സമീറ
അഡീഷണൽ ഡയറക്ടർ (എ & റ്റി)

സ്വീകർത്താവ്

ശ്രീ.ജയരാജൻ.പി.എം
ജെ.എച്ച്.ഐ ഗ്രേഡ് 2
പി.എച്ച്.സി, നടത്തറ (തൃശ്ശൂർ)

പകർപ്പ്

1) എല്ലാ ജില്ലാ മെഡിക്കൽ ആഫീസർമാർക്കും
2) ഔദ്യോഗിക വെബ്സൈറ്റ്.
3) ഇ.ജി സെക്ഷൻ.
4) ഫയൽ/സ്റ്റോക്ക് ഫയൽ.

// ഉത്തരവിൻ പ്രകാരം //

സൂപ്രണ്ട്.

7/4